

ആത്മപരിതാപം ഉണ്ടാകുന്ന നിമിഷത്തിൽ നിങ്ങൾ ദുഃഖത്തിന് വേരോടാൻ മണ്ണ് നൽകുകയാണ് ചെയ്യുന്നത്.


# ജീവിതയാത്ര

ജെ. കൃഷ്ണമൂർത്തിയുടെ തത്വങ്ങൾ ഉൾക്കൊള്ളുന്ന പ്രസിദ്ധീകരണം

JEEVITHA YATRA

January- April 2010 Rs.2/- Vol. 5 Issue 2

Krishnamurti Foundation India


# അജ്ഞാതമായതിലേയ്ക്ക് വഴി തുറക്കുമ്പോൾ

നമ്മിൽ പലർക്കും ജീവിതം വളരെ മുഷിപ്പനായി അനുഭവപ്പെടുന്നുവെന്ന് ഞാൻ കരുതുന്നു. ഒരു ജീവിതമാർഗ്ഗം തേടുന്നതിനായി നമുക്കൊരു പ്രത്യേക ജോലി ചെയ്യേണ്ടിവരുന്നു. അത് ആവർത്തനവിരസമാകുന്നു. ഏകദേശം മരണാന്ത്യം വരെ തുടരുന്നു. വർഷം തോറും ആവർത്തിക്കുന്ന ഒരു ദിനചര്യ. നാം സമ്പന്നരോ, ദരിദ്രരോ ആകട്ടെ, പണ്ഡിതനോ തത്വജ്ഞാനതല്പരനോ തത്വജ്ഞാനിയോ ആകട്ടെ, നമ്മുടെ ജീവിതത്തിന്റെ നല്ലൊരു ഭാഗം ശൂന്യവും ആഴമില്ലാത്തതുമാകുന്നു. നിശ്ചയമായും നമ്മിൽ ഒരു അപര്യാപ്തതയുണ്ട്. ഇതറിയുന്ന നാമത് അറിവിലൂടെയോ ഏതെങ്കിലും തരത്തിലുള്ള സാമൂഹ്യ പ്രവർത്തനത്തിലൂടെയോ മറ്റേതെങ്കിലും രീതിയിലുള്ള നേരമ്പോക്കുകളിലൂടെയോ ധാർമ്മിക വിശ്വാസങ്ങളിലൂടെയോ നികത്താൻ ശ്രമിക്കുന്നു. നമുക്ക് ഏതെങ്കിലും കഴിവോ പ്രാപ്തിയോ ഉണ്ടെങ്കിലും നമ്മുടെ ജീവിതം തീർത്തും മുഷിപ്പനാണ്. ഈ വിരസതയിൽനിന്നും, ആവർത്തനത്തിൽ നിന്നും, രക്ഷപ്പെടാനായി നാം ഏതെങ്കിലും തരത്തിലുള്ള മതപരമായ ഉത്തേജനം തേടുന്നു. ദിനചര്യയിൽ ഇല്ലാത്ത ആ അലൗകികതയെ നേടാൻ ശ്രമിക്കുന്നു. തൽക്കാലം നമുക്കതിനെ അലൗകികത എന്ന് വിളിക്കാം. ആ അലൗകികതയെ തേടുമ്പോൾ നാം വ്യത്യസ്തമായ നിരവധി സമ്പ്രദായങ്ങൾ കാണുന്നു. അതിലേയ്ക്കു നയിക്കുന്നുവെന്നവകാശപ്പെടുന്ന വിവിധ വഴികളും മാർഗ്ഗങ്ങളും കാണുന്നു. ഏതെങ്കിലും രീതിയിലുള്ള ധ്യാനം പരിശീലിക്കുന്നതിലൂടെ ഏതെങ്കിലും അനുഷ്ടാനങ്ങളിലൂടെ, ചില മന്ത്രങ്ങൾ ആവർത്തിക്കുന്നതിലൂടെ, അവ നമ്മെ ശിക്ഷണപ്പെടുത്തുന്നു. നാം ആ അവസ്ഥ കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. എന്തുകൊണ്ടെന്നാൽ നമ്മുടെ നിത്യജീവിതം സുഖദുഃഖങ്ങളുടെ അനന്തമായ ആവർത്തനമാണ്. പ്രത്യേകിച്ച് പ്രാധാന്യമൊന്നുമില്ലാത്ത ചില അനുഭവങ്ങളാണ്, അല്ലെങ്കിൽ അർത്ഥശൂന്യമായ ചില അനുഭവങ്ങളുടെ ആവർത്തനമാണ്. നമ്മിൽ പലർക്കും ഈ ആവർത്തനവിരസമായ ദിനചര്യയാണ് ജീവിതം. അതുകൊണ്ട് ജീവിതത്തെ സമ്പുഷ്ടമാക്കൽ, ആ അലൗകികമായ ഒന്നിനെ, അതിനെ ദൈവമെന്നോ, സത്യമെന്നോ, ആനന്ദമെന്നോ വിളിച്ചുകൊള്ളൂ. സ്വായത്തമാക്കൽ ഉടനടി ചെയ്യേണ്ട കർമ്മമായി മാറിയിരിക്കുന്നുവല്ലേ? നിങ്ങൾ സമ്പന്നരോ, ഗൃഹസ്ഥനോ, കുട്ടികളുമുള്ളവനോ, ആയേക്കാം. നിങ്ങൾ നന്നായും, യുക്തിപൂർവ്വം ചിന്തിക്കുന്നവനും ആയിരുന്നേക്കാം, എന്നാലും ആ അലൗകികമായ അവസ്ഥ ഇല്ലെങ്കിൽ ജീവിതം അസാധാരണമായി ശൂന്യമായിത്തീരുന്നു.

അതുകൊണ്ട് ഒരുവനെന്ത് ചെയ്യും? ആ അവസ്ഥയെ എങ്ങിനെ പ്രാപിക്കും? അതോ ആ അവസ്ഥ ഒരിക്കലും കൈവരികില്ലയോ? യഥാർത്ഥത്തിൽ നമ്മുടെ മനസ്സ് വളരെ ചെറുതും, പരിമിതവും ശീലവിധേയമായതുമാണ്. അത്തരമൊരു മനസ്സ് അലൗകികമായതിനെ തേടു

☞ 2

# സ്വതന്ത്രമായ മനസ്സിനു മാത്രമേ അന്വേഷണം സാധ്യമാകൂ

*ചോദ്യം:* മാർഗ്ഗനിർദ്ദേശം ആവശ്യമില്ലെന്നാണോ അങ്ങ് പറയുന്നത്? അങ്ങിനെയാണെങ്കിൽ, പാരമ്പര്യമോ, ആധികാരികതയോ ആവശ്യമില്ല. എല്ലാവരും സ്വയം ഒരു അടിത്തറ പണിയേണ്ടിവരും. നമ്മുടെ സ്ഥൂലശരീരത്തിന് ഒരു ആരംഭമുള്ളതുപോലെ, ആത്മീയവും മാനസികവുമായ ശരീരങ്ങൾക്കും ഒരു തുടക്കമില്ലേ? അവയും പടിപടിയായി വളരേണ്ടതില്ലേ? അങ്ങയെ ശ്രദ്ധിച്ചു കേൾക്കുന്നതിലൂടെ ഞങ്ങളുടെ ചിന്ത ഉണർന്നതുപോലെ, കഴിഞ്ഞ കാലങ്ങളിലെ മഹത്തായ മനസ്സുകളാലും നമ്മെ ഉണർത്തേണ്ടത് അനിവാര്യമല്ലേ?

*കൃഷ്ണമൂർത്തി:* സർ, ഇതൊരു പഴയ ചോദ്യമാണ്. നാം കരുതുന്നു ഒരു ഗുരുവോ, ആചാര്യനോ നമ്മുടെ മനസ്സിനെ ഉണർത്താൻ ആവശ്യമാണെന്ന് . ഇത് അർത്ഥമാക്കുന്നതെന്താണ്? ഒരുവനറിയാം മറ്റവനറിയില്ല. സാവധാനം നമുക്ക് മുന്നോട്ട് പോകാം, മുൻവിധികൾ ഇല്ലാതെ. അറിയുന്നവൻ ആധികാരികത്വമുള്ളവനാകുന്നു. അറിയാത്തവൻ അവന്റെ ശിഷ്യനാകുന്നു. ശിഷ്യൻ നിരന്തരം ഗുരുവിനെ പിൻതുടരുന്നു. മറികടക്കാനാഗ്രഹിച്ചുകൊണ്ട്, ഗുരുവിനൊപ്പം എത്താൻ. ദയവായി ശ്രദ്ധിക്കൂ. തനിക്കറിയാമെന്ന് ഗുരു എപ്പോൾ പറയുന്നുവോ അപ്പോളവൻ ഗുരു അല്ലാതാകുന്നു. തനിക്കറിയാം എന്ന് പറയുന്നവന് അറിയില്ല. എന്തുകൊണ്ടാണ് എന്ന് മനസ്സിലാക്കൂ. സത്യത്തിന് ഉണ്മയ്ക്ക്, അലൗകികതയ്ക്ക് സ്ഥിരമായ സ്ഥാനമില്ല. അനുനിമിഷം കണ്ടെത്തേണ്ടതാണത്. അതിന് നിയതമായ ഒരു കേന്ദ്രമുണ്ടെങ്കിൽ ആ കേന്ദ്രം കാലത്തിന്റെ പരിധിക്കുള്ളിലാണ്. ഒരു സ്ഥിരബിന്ദുവിലേക്ക് ഒരു പാതയുണ്ടാകാം. നിങ്ങളുടെ വീട്ടിലേക്കുള്ളതുപോലെ. പക്ഷേ സജീവമായ ഒന്നിന്, ആലയമില്ലാത്ത ഒന്നിന്, ആദിയും അന്തവുമില്ലാത്തതിലേക്ക് ഒരു പാത ഉണ്ടാകുകവയ്യ.

നിങ്ങളെ സഹായിക്കാം എന്ന് പറയു

☞ 3

# അജ്ഞാതമായതിലേയ്ക്ക് വഴി തുറക്കുമ്പോൾ

മ്പോൾ അതിന്റെ ഊഹങ്ങൾ എപ്പോഴും ചെറുതായിരിക്കും. ആ മനസ്സ് മാതൃകാപരമായ അവസ്ഥയെക്കുറിച്ചും, അതുൾക്കൊണ്ടതിനെക്കുറിച്ചുമെല്ലാം വിവരിക്കുകയും ചെയ്യും. പക്ഷേ അതിന്റെ മനസ്സിലാക്കൽ ആ ചെറിയ മനസ്സിന്റെ പരിധിക്കുള്ളിൽ മാത്രമായിരിക്കും. അവിടെയാണതിന്റെ സൂചനയുള്ളത്. മനസ്സിന് ആ അലൗകികത ജീവിച്ചുകൊണ്ടോ ഊഹിച്ചുകൊണ്ടോ അനുഭവിക്കാൻ സാധ്യമല്ല. അതുതന്നെ മഹത്തായ ഒരു കണ്ടെത്തലാണ്. മനസ്സ് പരിമിതവും ഋജുവും ക്ഷുദ്രവും ഉപരിപ്ലവവുമാണ്. അതുകൊണ്ടുതന്നെ ആ അസാധാരണമായ അവസ്ഥയെ അറിയാൻ വിഘാതമാണ്താനും. ഈ യാഥാർത്ഥ്യം യഥാർത്ഥമായി മനസ്സിലാക്കലാണ് പ്രശ്നത്തോടുള്ള വ്യത്യസ്തമായ സമീപനത്തിന്റെ ആരംഭം.

നമ്മുടെ മനസ്സ് കാലത്തിന്റെ, ആയിരക്കണക്കിന് ഇന്നലകളുടെ സൃഷ്ടിയാണ്. അറിഞ്ഞതിലധിഷ്ഠിതമായ ആ മനസ്സ് അറിഞ്ഞതിന്റെ തുടർച്ച മാത്രമാണ്. നമ്മൾ ഓരോരുത്തരുടെയും മനസ്സ്, വിദ്യാഭ്യാസത്തിന്റെയും സംസ്കാരത്തിന്റെയും, അറിവിന്റെയും, സാങ്കേതിക പരിശീലനത്തിന്റെയും ഫലമാണ്. അത് കാലത്തിന്റെ ഉല്പന്നമാണ്. അതുകൊണ്ടുതന്നെ പരിമിതമാണ്, ശീലവിധേയമാണ്. ആ മനസ്സുകൊണ്ടാണ് നാം അജ്ഞാതമായതിനെ കണ്ടുപിടിക്കാൻ നോക്കുന്നത്. അത്തരമൊരു മനസ്സാൽ അത് സാധ്യമല്ലെന്നറിയുന്നത് അസാധാരണമായ അനുഭവമാണ്.

നമ്മുടെ മനസ്സ് എത്രകണ്ട് സൂത്രശാലിയാണെങ്കിലും, സൂക്ഷ്മമാണെങ്കിലും, ജ്ഞാനസമ്പന്നമാണെങ്കിലും അതിന് ആ അലൗകികത മനസ്സിലാക്കാൻ സാധ്യമല്ല. ഈ അറിവ് തന്നെ വസ്തുതകൾ കൃത്യമായി മനസ്സിലാക്കിതരും. ഇത് ജീവിതത്തെ നോക്കിക്കാണുന്നതിന്റെ ആരംഭമാണെന്നും, അത് അലൗകികതയിലേക്കുള്ള വാതിൽ തുറന്നുതരുമെന്നും ഞാൻ കരുതുന്നു.

പ്രശ്നം മറ്റൊരു തരത്തിൽ പറഞ്ഞാൽ, മനസ്സ് എപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ചിലച്ചുകൊണ്ടിരിക്കുന്നു. പദ്ധതികളുണ്ടാക്കികൊണ്ടിരിക്കുന്നു. അസാധാരണ സൂക്ഷ്മതയുള്ള കണ്ടുപിടിത്തങ്ങൾക്കത് പര്യാപ്തമാണ്. അത്തരമൊരു മനസ്സിന് നിശ്ശബ്ദമായിരിക്കാൻ എങ്ങിനെ കഴിയും? മനസ്സിന്റെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുമ്പോൾ നമുക്ക് കാണാൻ കഴിയും, ഏത് ദിശയിലേക്കുള്ള അതിന്റെ ചലനവും ഇന്നലെയുടെ പ്രവർത്തനമാണെന്ന്. അത്തരമൊരു മനസ്സിന് എങ്ങിനെ നിശ്ശബ്ദമാകാൻ കഴിയും? അതിനെ അച്ചടക്കത്തിലൂടെ നിശ്ചലമാക്കാൻ ശ്രമിക്കുന്നു. അത്തരം നിശ്ചലതയിൽ അന്വേഷണങ്ങളില്ല. ശരിയല്ലേ? അതുകൊണ്ടത് അജ്ഞാതമായതിലേക്ക് വഴി തുറക്കുന്നില്ല, അലൗകികതയിലേക്ക് നയിക്കുന്നുമില്ല.

നിങ്ങളീ പ്രശ്നത്തെപ്പറ്റി ചിന്തിച്ചിട്ടുണ്ടോ എന്നെനിക്കറിയില്ല. പാരമ്പര്യമായ സമീപനത്തിൽ, ഒരു മാതൃകയിലേക്ക്, ഫോർമുലയിലൂടെ നീങ്ങുക, എന്തെങ്കിലും അച്ചടക്കത്തിന് വിധേയനാകുക, ഇത്തരത്തിൽ നിങ്ങൾ ചിന്തിച്ചിട്ടുണ്ടാകും. അച്ചടക്കം തീർച്ചയായും അടിച്ചമർത്തൽ തന്നെയാണ്. അതുകൊണ്ടുതന്നെ ദ്വന്ദവും, സംഘട്ടനവും ഉണ്ടാകുന്നു. ഈ വഴിയിലൂടെ നീങ്ങുമ്പോൾ ആ അലൗകികത കരഗതമാക്കാമെന്ന് നാം മോഹിക്കുന്നു. പക്ഷേ നാം ഒരിക്കലും ബോധപൂർവം, ബുദ്ധിപൂർവം ഇത് സാദ്ധ്യമാണോ എന്ന് ചിന്തിച്ചിട്ടില്ല. മനസ്സ് നിശ്ചലമാക്കണമെന്ന സൂചന നമുക്ക് ലഭിച്ചിട്ടുണ്ട്. പക്ഷേ ആ നിശ്ചലത അച്ചടക്കത്തിലൂടെ സൃഷ്ടിച്ചതാണ്. അതായത് നിശ്ശബ്ദമായ ഒരു മനസ്സിന്റെ മാതൃക നമുക്കുണ്ട്. അതിനെ നിയന്ത്രണത്തിലൂടെ, സംഘട്ടനത്തിലൂടെ, പരിശ്രമത്തിലൂടെ നാം ഓടിച്ചിട്ട് പിടിക്കാൻ മോഹിക്കുന്നു.

ഈ മുഴുവൻ പ്രക്രിയയേയും വീക്ഷിക്കുമ്പോൾ നമുക്കു കാണാം ഇതെല്ലാം അറിഞ്ഞതിന്റെ പരിധിക്കുള്ളിലാണ് എന്ന് അതിന്റെ വിരസമായ നിലനില്പറിയുന്ന, പരീക്ഷണമാക്കുന്ന വ്യത്യസ്ത അനുഭവങ്ങളറിയുന്ന മനസ്സ് എല്ലായ്പോഴും ആ അലൗകികതയെ പിടിച്ചെടുക്കാൻ ശ്രമിക്കുന്നു. മനസ്സ് അറിഞ്ഞതുമാത്രമാണെന്ന് നാം കാണുമ്പോൾ, അത് നടത്തുന്ന എല്ലാ നീക്കങ്ങൾക്കും. ഒരിക്കലും ആ അലൗകികതയെ കൈക്കലാക്കാൻ കഴിയുന്നില്ല. നമ്മുടെ പ്രശ്നമിപ്പോൾ എങ്ങിനെ ആ അലൗകികതയെ പിടിക്കാം എന്നല്ല മറിച്ച് മനസ്സിനെ അറിഞ്ഞതിൽനിന്നും മോചിപ്പിക്കാമോ എന്നാണ്. അജ്ഞാതമായതിനെ, ആ അലൗകികതയെ കണ്ടെത്താൻ ശ്രമിക്കുന്നൊരാൾ ഈ പ്രശ്നം പരിഗണിക്കുമെന്ന് ഞാൻ കരുതുന്നു. അപ്പോൾ എങ്ങിനെയാണ് ഇന്നലെയുടെ ഉല്പന്നമായ, അറിഞ്ഞതുമാത്രമായ മനസ്സ് സ്വയം മോചിതമാകുക? ഞാൻ കാര്യങ്ങൾ വ്യക്തമാക്കി എന്ന് പ്രതീക്ഷിക്കുന്നു.

ഞാൻ പറഞ്ഞതുപോലെ ഇപ്പോഴത്തെ മനസ്സ്, ബോധവും, അബോധവും ഇന്നലെയുടെ സൃഷ്ടിയാണ്. പാരമ്പര്യത്തിന്റെയും ഭക്ഷണശീലത്തിന്റെയും, കാലാവസ്ഥയുടെയും, വംശീയതയുടെയും, നിരവധി സ്വാധീനങ്ങളുടെയും സഞ്ചിതമായ ഒന്നാണത്. അതുകൊണ്ട് മനസ്സ് ശീലവിധേയമായതാണ്. ക്രിസ്ത്യാനിയായി, ബൗദ്ധനായി, ഹിന്ദുവായി അല്ലെങ്കിൽ കമ്മ്യൂണിസ്റ്റായി. അത് യാഥാർത്ഥ്യമായി കരുതുന്ന ഒന്നിനെ വിക്ഷേപിക്കുന്നു. കമ്മ്യൂണിസ്റ്റുകാരൻ തന്റെ വീക്ഷണപ്രകാരമുള്ള ഒരു 'ഉട്ടോപ്യ' ക്കനുസരിച്ച് മാനവരാശിയെ അതിലേക്ക് നിർബ്ബന്ധപൂർവം നയിക്കുന്നു. മതവിശ്വാസിയാണെങ്കിൽ അയാളും ഇതുപോലെ ഭാവിയെക്കുറിച്ച് തനിക്കറിയാം എന്ന നിലയിൽ കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുന്നു. ഈ രണ്ടു വീക്ഷണങ്ങളും യാഥാർത്ഥമല്ല. ഉണ്മയില്ലാത്ത ജീവിതം വിരസമാകുന്നു. പലർക്കും ജീവിതം ഇങ്ങിനെ മുഷിപ്പനാണ്. അതുകൊണ്ട് നമ്മൾ, ആ അലൗകികതയെക്കുറിച്ച്, ഉണ്മയെകുറിച്ച് വികാരമുള്ളവരാകുന്നു, കാല്പനികരാകുന്നു.

അസ്തിത്വത്തിന്റെ സമ്പൂർണ്ണമായ ഈ ഘടനയെ കാണുമ്പോൾ, നിരവധി വിശദാംശങ്ങളിലേക്ക് പോകാതെ തന്നെ മനസ്സിന് സ്വയം അറിഞ്ഞതിൽ നിന്നും മോചിതമാകാൻ സാധ്യമോ? അറിഞ്ഞത് ഇന്നലെകളുടെ മാനസികമായ അടിഞ്ഞുകൂടലാണ്. ദിനചര്യയെ കുറിച്ചുള്ള അറിവുണ്ട്. ഇത് ഒഴിവാക്കാനാവില്ല. നമ്മുടെ വീട്ടിലേക്കുള്ള വഴി, ജിവിതോപാധി, ഇതെല്ലാം ഒഴിവാക്കിയാൽ നാം ഭ്രാന്തരാകും. ബന്ധങ്ങളിലൂടെയും തിരിച്ചറിയലുകളിലൂടെയും ഉറപ്പ് നൽകുന്ന മാനസികമായ അറിഞ്ഞതിൽനിന്നും മോചിക്കാൻ ആവില്ലേ?

ഇക്കാര്യം അന്വേഷിക്കുന്നതിനായി നമുക്ക് ഒരു കാര്യം അറിയേണ്ടതുണ്ട്. യഥാർത്ഥത്തിൽ, ചിന്തിക്കുന്നവനും ചിന്തയും ഭിന്നമാണോ? നിരീക്ഷിക്കുന്നവനും, നിരീക്ഷിതവസ്തുവും ഭിന്നമാണോ? തൽക്കാലം അങ്ങിനെ ഒന്നുണ്ടല്ലേ? നാം കരുതുന്നു 'ഞാൻ' എന്ന സത്വം അനുഭവിക്കുന്ന അനുഭവങ്ങൾ, ചിന്തകൾ ഇവയിൽനിന്നും ഭിന്നനാണെന്ന്. ചിന്തകനും ചിന്തയ്ക്കും ഇടയിൽ ഒരു വിടവുണ്ട്, അകലമുണ്ട്. അതുകൊണ്ടാണ് നാം പറയുന്നത്. 'എനിക്ക്' ചിന്തയെ നിയന്ത്രിക്കണം. പക്ഷേ ഈ 'ഞാൻ' ചിന്തയിൽനിന്നും വിഭിന്നനാണോ? ചിന്തകൻ എപ്പോഴും ചിന്തയെ നിയന്ത്രിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. അവൻ നല്ലതെന്ന് കരുതുന്നതിന് അനുയോജ്യമായ മാതൃകയിൽ രൂപപ്പെടുത്തുന്നു. ചിന്തകൻ ഇല്ലെങ്കിൽ പിന്നെ ചിന്തയുണ്ടോ? തീർച്ചയായും ഇല്ല. ചിന്തകനെ സൃഷ്ടിക്കുന്ന ചിന്ത മാത്രമേ ഉള്ളു. നിങ്ങൾ ചിന്തകനെ ഏതു തലത്തിൽ വേണമെങ്കിലും പ്രതിഷ്ടിച്ചുകൊള്ളു, പരമാത്മാവ് അല്ലെങ്കിൽ നിങ്ങൾക്കിഷ്ടമുള്ള എന്തെങ്കിലും വിളിച്ചോളു. പക്ഷേ അത് നിങ്ങളുടെ ചിന്താസൃഷ്ടി മാത്രമാണ്. ചിന്തകനല്ല ചിന്തയെ സൃഷ്ടിച്ചത് മറിച്ചാണ്. ചിന്തകളാണ് ചിന്തകനെ സൃഷ്ടിച്ചത്. സ്വന്തം അസ്തിരതയെക്കുറിച്ചറിയാവുന്ന ചിന്ത, ചിന്തകനെ വ്യത്യസ്ത ബിംബമായി നിർമ്മിച്ച് സ്വയം സ്ഥിരത കൈവരിക്കാൻ ശ്രമിക്കുന്നു. എന്തൊക്കെയായാലും നമുക്കതൊണ്താനും വേണ്ടത്. നിങ്ങൾ ഒരുപക്ഷേ പറയുമായിരിക്കും, നിങ്ങൾ ആത്മാവ്, സ്വത്വം എന്നൊക്കെ

**എനിക്ക്' ചിന്തയെ നിയന്ത്രിക്കണം. പക്ഷേ ഈ 'ഞാൻ' ചിന്തയിൽ നിന്നും വിഭിന്നനാണോ? ചിന്തകൻ എപ്പോഴും ചിന്തയെ നിയന്ത്രിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു.**

വിളിക്കുന്ന ഈ ചിന്തകൻ, ചിന്തയിൽ നിന്നും വിഭിന്നനാണെന്ന്. പക്ഷേ ചിന്തയിലൂടെയാണ് നിങ്ങളീ സ്വത്വത്തെക്കുറിച്ച് ബോധവാനാകുന്നത്. ഒരു ഹിന്ദുവെന്ന നിലയിൽ, ക്യസ്ത്യാനി എന്ന നിലയിൽ അല്ലെങ്കിൽ മറ്റെന്തെങ്കിലും തരത്തിൽ ശീല വിധേയമാക്കപ്പെട്ട രീതിയിൽ ചിന്തകനും ചിന്തയും തമ്മിലുള്ള ഈ ദ്വന്ദം നിലനിൽക്കുന്നിടത്തോളം സംഘർഷം ഉണ്ടാകും. പരിശ്രമിക്കുന്നതിന് ഇച്ഛ ആവശ്യമാണ്. അങ്ങിനെ ഇച്ഛിക്കുന്ന മനസ്സ് പറയുന്നു." എനിക്ക് ഇന്നലെകളിൽ നിന്നും മോചിതനാക്കണം". ഇത് മറ്റൊരു മാതൃകയുടെ സൃഷ്ടി മാത്രമാണ്.

മനസ്സിന് സ്വയം സ്വതന്ത്രമാകാൻ കഴിയും, അങ്ങിനെ ആ അലൗകികതയെ അറിയാനും. 'ഞാൻ ആ ലക്ഷ്യം നേടും' എന്ന ശ്രമം ഉപേക്ഷിച്ചാൽ, നിർത്തിയാൽ. പക്ഷേ. നിങ്ങൾ നോക്കൂ, നമ്മുടെ എല്ലാ ജീവിതവും ശ്രമത്തിൽ ഊന്നിയാണ്, നന്നാകാനുള്ള ശ്രമം, സ്വയം അച്ചടക്കമുള്ളവനാകാൻ, ഇഹലോകത്തും, പരലോകത്തും നേടാനുള്ള ശ്രമം. നമ്മുടെ പ്രവർത്തികളെല്ലാം ഈ പരിശ്രമത്തിലാണ്, ഉൽക്കർഷേച്ഛ, വിജയം, നേട്ടം എന്തിന് ഈശ്വരസാക്ഷാത്ക്കാരം, സത്യസാക്ഷാത്ക്കാരം എല്ലാം, ഈ പരിശ്രമത്തിലൂടെ സാധ്യമെന്ന് നാം കരുതുന്നു. പക്ഷേ ഇതെല്ലാം സ്വയം കേന്ദ്രീകൃതമായ പ്രവർത്തനങ്ങളെന്ന് മാത്രമേ അർത്ഥമാകുന്നുള്ളു അല്ലേ? അത് 'അഹം' ഉപേക്ഷിക്കലല്ല.

മനസ്സിന്റെ ഈ പ്രക്രിയകളെക്കുറിച്ച് നിങ്ങൾ ബോധവാനാകുമ്പോൾ, ബോധവും, അബോധവുമായവയെ നിങ്ങൾ ശരിക്കും മനസ്സിലാക്കുമ്പോൾ മനസ്സ് അനന്യ സാധാരണമായി ശാന്തമാകുന്നത് നിങ്ങൾക്ക് കാണാം. അച്ചടക്കത്തിലൂടെയും, നിയന്ത്രണത്തിലൂടെയും, അടിച്ചമർത്തലിലൂടെയും നിശ്ശബ്ദമാകുന്നത് മൃത്യുവിന്റെ ശാന്തതയാണ്. എന്നാൽ ഞാൻ പറയുന്ന ഈ പ്രശാന്തത, അയത്നരഹിതമായി വരുന്നതാണ്. ഒരുവൻ അവന്റെ മനസ്സിന്റെ വ്യാപാരങ്ങളെ അറിയുമ്പോൾ ഉണ്ടാകുന്നതാണ്. അപ്പോൾ മാത്രമേ നാം സത്യമെന്നും, ദൈവമെന്നും ഒക്കെ വിളിക്കുന്ന ആ അലൗകികതയിലേക്ക് എത്തിച്ചേരാനുള്ള സാധ്യതയുള്ളു

*'ഓൺ ബീയിംഗ് ഓപൺ ടു ദ അൺനോൺ' എന്ന പുസ്തകത്തിൽനിന്ന്* ■

...ഒന്നാം പേജിൽ നിന്ന് തുടർച്ച

# സ്വതന്ത്രമായ മനസ്സിനു മാത്രമേ അന്വേഷണം സാധ്യമാകൂ

ന്ന ഗുരു തീർച്ചയായും നിങ്ങൾക്കറിയാവുന്ന ഒന്നിനെ മാത്രമേ സാക്ഷാൽക്കരിക്കാൻ സഹായിക്കൂ. നിങ്ങൾ സാക്ഷാൽക്കരിക്കുന്ന ഒന്ന്, അനുഭവിക്കുന്നത് തിരിച്ചറിയാൻ കഴിയുന്നതായിരിക്കും അല്ലേ? നിങ്ങളതിനെ തിരിച്ചറിഞ്ഞാൽ ഉടൻ പറയും "എനിക്കത് അനുഭവവേദ്യമായി". പക്ഷേ നിങ്ങൾ അനുഭവിച്ചത് അലൗകികതയല്ല. അതിനാൽ തിരിച്ചറിയപ്പെടുന്നതുമല്ല. അലൗകികത അനുനിമിഷം അനാവരണം ചെയ്യപ്പെടേണ്ടതാണ്. അത് കണ്ടെത്താൻ മനസ്സ് സ്വതന്ത്രമാകണം. പാരമ്പര്യത്തിൽ ബന്ധിതമായ മനസ്സ്, പുരാതനമോ, ആധുനികമോ ആകട്ടെ, വിശ്വാസത്തിന്റെ ഭാരം നിറച്ച മനസ്സ്, സിദ്ധാന്തങ്ങളാലും, അനുഷ്ഠാനങ്ങളാലും വലയം ചെയ്യപ്പെട്ട മനസ്സ്, തീർച്ചയായും സ്വതന്ത്രമല്ല. എന്നെ സംബന്ധിച്ചിടത്തോളം മറ്റൊരാൾ എന്നെ ഉണർത്തും എന്ന ആശയത്തിന് യാതൊരു മൂല്യവുമില്ല. ഇതൊരു അഭിപ്രായമല്ല യാഥാർത്ഥ്യമാണ്. മറ്റൊരാൾ നിങ്ങളെ ഉണർത്തുന്നുവെന്നിരിക്കട്ടെ, നിങ്ങൾ അയാളുടെ സ്വാധീനത്തിലാണ്, നിങ്ങളയാളെ ആശ്രയിക്കുന്നു. അതുകൊണ്ട് നിങ്ങൾ സ്വതന്ത്രനല്ല. സ്വന്തമായ മനസ്സിനു മാത്രമേ കണ്ടെത്താൻ കഴിയൂ.

അപ്പോൾ ഇതാണ് പ്രശ്നം. അല്ലെ? നമുക്കു അലൗകികതവേണം. അതെങ്ങിനെ കിട്ടും എന്ന് നമുക്കറിയില്ല. അതുകൊണ്ട് നാം ആചാര്യനെയോ, ഗുരുവെന്ന് വിളിക്കപ്പെടുന്ന ഒരാളെയോ ആശ്രയിക്കുന്നു. അല്ലെങ്കിൽ ഒരു ഗ്രന്ഥം. അതുമല്ലെങ്കിൽ നമ്മുടെ സ്വന്തം അനുഭവം. അപ്പോൾ ആശ്രയത്വം സൃഷ്ടിക്കപ്പെട്ടു. എവിടെ ആശ്രയത്വമുണ്ടോ അവിടെ അധികാരമുണ്ട്. അധികാരത്തിന്, പാരമ്പര്യത്തിന് ഒക്കെ അടിമപ്പെട്ട മനസ്സ് സ്വതന്ത്രമല്ല. സ്വതന്ത്രമനസ്സിനുമാത്രമേ കണ്ടെത്താൻ കഴിയൂ. ഉണരാനായി മറ്റൊരാളെ ആശ്രയിക്കുന്നത് ഒരു മയക്കുമരുന്നിനെ ആശ്രയിക്കുന്നതുപോലെയാണ്. തീർച്ചയായും ഒരു ലഹരിമരുന്ന്, നിങ്ങൾക്ക് കാര്യങ്ങൾ സൂക്ഷമായും, വ്യക്തമായും കാണാൻ സഹായിക്കും. ജീവിതത്തേയും, നിങ്ങൾ നിത്യേന കാണുന്ന നിറങ്ങൾ, വസ്തുക്കൾ ഇവയെല്ലാം. അസാധാരണമാംവിധം തിളർക്കമാർന്നതായി കാണാൻ, താൽക്കാലികമായി സഹായിക്കുന്ന മയക്കുമരുന്നുകൾ ഉണ്ട്. അത് നിങ്ങളുടെ മനസ്സിന്റെ ഉണർവ്വായിരിക്കാം, പക്ഷേ നിങ്ങളാ മയക്കുമരുന്നിനെ ആശ്രയിക്കുകയാണ്. ഇപ്പോൾ നിങ്ങൾ ഗുരുവിനെ ആശ്രയിക്കുന്നതുപോലെ ഏതെങ്കിലും ഗ്രന്ഥത്തെ ആശ്രയിക്കുന്നതുപോലെ മനസ്സ് എപ്പോഴാണോ ആശ്രയിക്കുന്നത് അപ്പോൾ അത് മന്ദമാകുന്നു. ഈ ആശ്രയത്വത്തിൽ നിന്ന് ഭയമുണ്ടാകുന്നു. നേടാൻ കഴിയുകയില്ലാ, സ്വന്തമാക്കാൻ കഴിയുകയില്ല എന്ന ഭയം. നിങ്ങൾ ഒന്നിനെ ആശ്രയിക്കുമ്പോൾ, അത് രക്ഷകനോ, മറ്റെന്തെങ്കിലുമോ ആകട്ടെ, മനസ്സ് വിജയം വരിക്കാൻ ശ്രമിക്കുന്നു. സന്തുഷ്ടിനേടാൻ ആഗ്രഹിക്കുന്നു എന്നർത്ഥം. നിങ്ങളതിനെ ദൈവം, സത്യം എന്നൊക്കെ നിങ്ങൾക്കിഷ്ടമുള്ളത് വിളിച്ചേക്കാം. പക്ഷേ നേടാനുള്ള ഒന്നു മാത്രമാണത്. ഇവിടെ മനസ്സ് കുടുങ്ങുന്നു. അതൊരു അടിമയാകുന്നു. ത്യാഗമോ, അച്ചടക്കമോ, സ്വയം പീഢനമോ ചെയ്യട്ടെ, അത്തരമൊരു മനസ്സിന് ആ അലൗകികത കണ്ടെത്താൻ കഴിയില്ല.

അപ്പോൾ പ്രശ്നം ശരിയായ ഗുരു ആരെന്നല്ല മറിച്ച് മനസ്സിന് ഉണർന്നിരിക്കാൻ കഴിയുമോ എന്നതാണ്. എല്ലാ ബന്ധങ്ങളും കണ്ണാടിപോലെ സ്വയം പ്രതിബിംബിക്കുമ്പോൾ മാത്രമേ അതിന് ഉണർന്നിരിക്കാൻ കഴിയൂ. ഏതെങ്കിലും തരത്തിലുള്ള ഏകിഭാവമോ, നീതികരണമോ, നിഷേധമോ നടത്തുന്ന മനസ്സിന് സ്വയംകാണാൻ കഴിയുന്നില്ല. ഇവയെല്ലാം മനസ്സിനെ മന്ദമാക്കുന്നു. അങ്ങിനെ മന്ദമാകുമ്പോൾ നമുക്ക് ഉണരേണ്ടിവരുന്നു. ഉണർത്താനായി നാം മറ്റൊരാളെ തേടുന്നു. ഈ ഒരാവശ്യം തേടുമ്പോൾതന്നെ മന്ദമായ മനസ്സ് കൂടുതൽ മന്ദമാകുന്നു. എന്തുകൊണ്ടെന്നാൽ മന്ദതയ്ക്കുള്ള കാരണം അത് കാണുന്നില്ല. മനസ്സ് എപ്പോഴാണോ ഈ പ്രക്രിയ സ്വയം കണ്ടറിഞ്ഞ് മനസ്സിലാക്കുന്നത്, എപ്പോഴാണത് മറ്റൊരാളുടെ വിശദീകരണത്തിൽ ആശ്രയിക്കാനിരിക്കുന്നത് അപ്പോൾ മാത്രമേ അത് സ്വയം സ്വതന്ത്രമാകൂ.

പക്ഷേ എത്ര എളുപ്പമാണ് നാം വാക്കുകൾ കൊണ്ടും വിശദീകരണങ്ങൾ കൊണ്ടും തൃപ്തരാകുന്നത്! വളരെ ചുരുക്കം പേരെ വിശദീകരണങ്ങളുടെ വേലിക്കെട്ടുകൾ ഭേദിച്ച്, വാക്കുകൾക്കപ്പുറം ചെന്ന് സ്വയം സത്യത്തെ അറിയുന്നുള്ളു. പ്രയോഗത്തിൽ കൂടെ മാത്രമേ കഴിവ് ഉണ്ടാകൂ. ശരിയല്ലേ? നാം സ്വയം പരീക്ഷിക്കാൻ തയ്യാറല്ല. നാം വാക്കുകളിൽ, ഊഹങ്ങളിൽ, നാം വളർന്നുവന്ന പാരമ്പര്യമായ ഉത്തരങ്ങളിൽ, വിശദീകരണങ്ങളിൽ തൃപ്തരാണ്.

***ചോദ്യം:* എല്ലാ മതങ്ങളും പ്രാർത്ഥന ഒരാവശ്യമാണെന്ന് പ്രബോധിപ്പിക്കുന്നു. പ്രാർത്ഥനയെക്കുറിച്ച് അങ്ങെന്ത് പറയുന്നു?**

*കൃഷ്ണമൂർത്തി:* പ്രാർത്ഥനയെക്കുറിച്ച് ഞാൻ എന്തു പറയുന്നു എന്നതല്ല കാര്യം. അപ്പോൾ അതൊരു അഭിപ്രായത്തിനെതിരെയുള്ള മറ്റൊരഭിപ്രായമായിത്തീരുന്നു. അഭിപ്രായങ്ങൾക്ക് യാതൊരു മൂല്യവുമില്ല. പക്ഷേ നമുക്ക് ചെയ്യാവുന്നത്, വസ്തുതകൾ എന്താണെന്ന് കണ്ടെത്താം.

നാം പ്രാർത്ഥനകൊണ്ട് അർത്ഥമാക്കുന്നതെന്താണ്? ഒരു ഭാഗത്ത് യാചന

യാണ്, അഭ്യർത്ഥനയാണ്, ആവശ്യപ്പെട ലാണ്. നിങ്ങൾ ബുദ്ധിമുട്ടിൽ പെടു മ്പോൾ, ദുഃഖിതനാകുമ്പോൾ, ആശ്വസി പ്പിക്കപ്പെടാൻ ആഗ്രഹിക്കുന്നു. നിങ്ങൾ പ്രാർത്ഥിക്കുന്നു. നിങ്ങൾ ആശയക്കു ഴപ്പത്തിലാണ്. നിങ്ങൾക്ക് വ്യക്തത വേണം. ഗ്രന്ഥങ്ങൾ നിങ്ങളെ തൃപ്തി പ്പെടുത്തുന്നില്ല. നിങ്ങൾക്കാവശ്യമുള്ള ത് ഗുരുവിന് നൽകാനാവുന്നില്ല. അപ്പോൾ നിങ്ങൾ പ്രാർത്ഥിക്കുന്നു. നിശ്ശബ്ദമായി യാചിക്കുകയോ, വാ ക്കാൽ ചില പദാവലികൾ ആവർത്തി ക്കുകയോ ചെയ്യുന്നു. ചില വാക്കുകളോ പദാവലികളോ നിങ്ങൾ ആവർത്തിക്കു മ്പോൾ നിങ്ങൾക്കു കാണാം നിങ്ങളുടെ മനസ്സ് വളരെ നിശ്ശബ്ദമാകുന്നു. ആവർത്തനം കൊണ്ട് ഉപരിപ്ലവമായ മനസ്സ് നിശ്ശബ്ദമാകുന്നു എന്നത് മനഃശ്ശാസ്ത്രപരമായ യാഥാർത്ഥ്യമാണ്. ഉപരിപ്ലവമായി മനസ്സിനെ അലട്ടുന്ന പ്രശ്നത്തിന് ബോധമനസ്സിനൊരു ഉത്തരം കണ്ടേയ്ക്കാം. ഉപരിപ്ലവമായ മനസ്സ് ശാന്തമാകുമ്പോൾ അബോധ മനസ്സിന് ചില പരിഹാരങ്ങൾ നിർദ്ദേശി ക്കാനാകും. ഇതിനെ നാം പറയുന്നു. "ദൈവം എനിക്കുത്തരമേകി" എന്ന് ഇത് വളരെ വിചിത്രമാണ്. ദുഃഖത്തി ന്റെ പിടിയിലകപ്പെട്ട മനസ്സ്, നിസ്സാര വും, ചെറുതും സ്വയം വളർത്തികൊണ്ടു വന്നതുമായ മനസ്സ്, ആ അജ്ഞാതമായ തിൽനിന്ന്, അളവറ്റതിൽ നിന്ന്, അലൗകികതയിൽനിന്നും ഉത്തരം കാം ക്ഷിക്കുന്നു. നമ്മുടെ അപേക്ഷയ്ക്ക് മറുപടി ലഭിച്ചു, നാം ചാരിതാർത്ഥരായി. ഇത് ഒരു തരത്തിലുള്ള പ്രാർത്ഥനയാണ് അല്ലേ?

നിങ്ങൾ സന്തോഷവാനായിരിക്കു മ്പോൾ എപ്പോഴെങ്കിലും പ്രാർത്ഥിക്കാറു ണ്ടോ? നിങ്ങളുടെ വേണ്ടപ്പെട്ടവരുടെ ചിരിയും, കണ്ണീരും ശ്രദ്ധിക്കാറുള്ള പ്പോൾ, മനോഹരമായ ആകാശം, പർവ്വ തങ്ങൾ വിളഞ്ഞ പാടങ്ങൾ, പറവകളു ടെ ദ്രുതഗതിയിലുള്ള സഞ്ചാരം, ഇവ യെല്ലാം നിങ്ങൾക്കുള്ളിൽ ആഹ്ളാദ വും ആനന്ദവും നിറയ്ക്കുമ്പോൾ നിങ്ങൾ പ്രാർത്ഥനയെന്ന് വിളിക്കുന്ന പ്രക്രിയയിൽ വ്യാപൃതരാകാറുണ്ടോ? തീർച്ചയായും ഇല്ല. ഭൂമിയുടെ സൗന്ദര്യം ശ്രദ്ധിക്കുന്നത്, പട്ടിണിയും പരിവട്ടവും അറിയുന്നത് നമ്മെ സംബന്ധിക്കുന്ന എ ല്ലാം ശ്രദ്ധിക്കുന്നത് തീർച്ചയായും പ്രാർ ത്ഥനയാണ്. ഒരുപക്ഷേ ഇതിനാണ് കൂടുതൽ പ്രാധാന്യം, സമുന്നത മൂല്യം. എന്തെ ന്നാൽ അത് ഓർമ്മയുടെയും പ്രതികാരത്തിന്റെയും, ഞാൻ എന്ന ഭാവം ചേർത്ത് വച്ച അസംബന്ധങ്ങളു ടെയും മാറാലകളെ തൂത്തുമാറ്റുന്നു. എന്നാൽ, സ്വയം നിർമ്മിച്ച രൂപങ്ങളുടേ യും വിശ്വാസപ്രമാണങ്ങളുടേയും, അസൂ യയുടേയും, ഭയത്തിന്റേയും, ഉൽക്കർ ഷേച്ഛയുടേയും. അത്യാഗ്രഹത്തിന്റെയും പിടിയിൽ അകപ്പെട്ട മനസ്സ് ഒരിക്കലും ജീവിതമാകുന്ന അസാധാരണമായ കാര്യത്തെക്കുറിച്ച് ബോധവാനാകില്ല.

അത് സ്വയം കേന്ദ്രീകൃത പ്രവർത്തന ത്താൽ ബന്ധിതമാണ്. അത്തരമൊരു മനസ്സ് പ്രാർത്ഥിക്കുമ്പോൾ, ഒരു റഫ്റജെറേറ്ററിനു വേണ്ടിയോ, പ്രശ്ന പരിഹാരത്തിനു വേണ്ടിയോ ആകട്ടെ, അത് അപ്പോഴും നിസ്സാരമായതാണ് - അതിന് ഒരു ഉത്തരം ലഭിക്കുമെങ്കിലും.

ഇതെല്ലാം ഉയർത്തുന്ന ഒരു ചോദ്യം എന്താണ് ധ്യാനം എന്നതാണ്. അല്ലെ? തീർച്ചയായും ധ്യാനം ഉണ്ടാകണം. ധ്യാനം അനന്യസാധാരണമായ ഒന്നാ ണ്. പക്ഷേ നമ്മിൽ പലർക്കും ധ്യാനി ക്കുക എന്നതിന്റെ അർത്ഥം അറിയില്ല. നമുക്ക് താൽപര്യം എങ്ങിനെ ധ്യാനി ക്കണം എന്നതിലാണ്. ദൈവത്തേയോ, സമാധാനത്തെയോ പ്രാപിക്കാൻ ഏതെ ങ്കിലും ഒരു രീതി, സമ്പ്രദായം അതിലാ ണ് താൽപര്യം. നാം ഒരിക്കലും എന്താ ണ് ധ്യാനം, ധ്യാനിക്കുന്നവൻ ആരാണ് എന്നറിയാൻ ആഗ്രഹിക്കുന്നില്ല. ധ്യാനം എന്താണ് എന്ന് നാം അന്വേഷിച്ചാൽ ഒരു പക്ഷേ എങ്ങിനെ ധ്യാനിക്കണം എന്ന് കണ്ടെത്തിയേക്കാം. ധ്യാനത്തെ കുറിച്ചുള്ള അന്വേഷണവും ധ്യാനമാ ണ്. ധ്യാനത്തെക്കുറിച്ചന്വേഷിക്കു മ്പോൾ നിങ്ങൾ ഏതെങ്കിലുമൊരു ധ്യാനസമ്പ്രദായത്തിൽ തളച്ചിടപ്പെട രുത്. എന്തെന്നാൽ നിങ്ങളുടെ അന്വേഷ ണവും ആ സമ്പ്രദായത്തിൽതന്നെ ആയിരിക്കും. ശരിക്കും ധ്യാനത്തെക്കു റിച്ച് അന്വേഷിക്കുമ്പോൾ എല്ലാ രീതി കളും വെടിയണം. സ്വതന്ത്രമായ മന സ്സിനു മാത്രമേ അന്വേഷണം സാധ്യ മാകൂ. അന്വേഷണത്തിനായി മനസ്സിനെ സ്വതന്ത്രമാക്കുന്ന പ്രക്രിയയും ധ്യാന മാണ്.

***ചോദ്യം:* മരണാനന്തര ജീവിതത്തെ ക്കുറിച്ചുള്ള എന്റെ വിശ്വാസമാണെന്നെ മരണം സഹനീയമാക്കുന്നത്. പക്ഷേ അങ്ങ് പറയുന്നു വിശ്വാസം അറിയുന്ന തിന് തടസ്സമാണെന്ന്. സത്യമെന്തെ ന്നറിയാൻ എന്നെ സഹായിച്ചാലും.**

*കൃഷ്ണമൂർത്തി:* സമാശ്വാസത്തി നുള്ള ഒരുവന്റെ ആഗ്രഹമാണ് പുനർ ജന്മത്തിലോ, മരണാനന്തര ജീവിതത്തി ലോ ഉള്ള വിശ്വാസം. ഏതെങ്കിലുമൊ രു വിശ്വാസത്താൽ ആശ്വസിപ്പിക്കപ്പെടാ തിരിക്കാൻ മനസ്സ് ആഗ്രഹിക്കുമ്പോൾ മാത്രമേ, യഥാർത്ഥത്തിൽ ഭാവിജീവിത മുണ്ടോ എന്ന് നമുക്ക് കണ്ടെത്താനാകു. എന്റെ മകന്റെ മരണത്തിൽ ഞാൻ ദുഃഖിതനായിരിക്കുമ്പോൾ ആ ദുഃഖ ത്തെ മറികടക്കാൻ ഞാൻ പുനർജന്മ ത്തിൽ, ശാശ്വത ജീവിതത്തിൽ ഒക്കെ വിശ്വസിക്കുന്നു. വിശ്വാസം എനിക്കാ വശ്യമായിത്തീരുന്നു. അത്തരമൊരു മനസ്സിന് തീർച്ചയായും മരണമെന്താ

**ധ്യാനത്തെക്കുറിച്ചന്വേഷിക്കുമ്പോൾ നിങ്ങൾ ഏതെങ്കിലു മൊരു ധ്യാനസമ്പ്രദായത്തിൽ തളച്ചിടപ്പെടരുത്. എന്തെന്നാൽ നിങ്ങളുടെ അന്വേഷണവും ആ സമ്പ്രദായത്തിൽതന്നെ ആയിരിക്കും.**

ലെന്തെന്ന് കണ്ടെത്താനാവില്ല. അതിന് താൽപര്യം, ഒരായാസം, പ്രതീക്ഷ, ഉറപ്പ് ഒക്കെയാണ്.

മരണാനന്തരം ഒരു തുടർച്ചയുണ്ടോ എന്നത് വ്യത്യസ്ത പ്രശ്നമാണ്. നിരന്തരമായ ഉപയോഗം മൂലം ശരീരം തേഞ്ഞു പോകുന്നത്, അവസാനിക്കു ന്നത് നമുക്കു കാണാം. അപ്പോൾ എന്താണ് തുടരുന്നത്? ആർജ്ജിതമായ അനുഭവങ്ങൾ, അറിവ്, പേര്, ഓർമ്മകൾ, 'ഞാൻ' എന്ന ചിന്തകൾ. പക്ഷെ ഇതു കൊണ്ട് നിങ്ങൾ തൃപ്തരാകുന്നില്ല. നിങ്ങൾ പറയുന്നു ശാശ്വതമായ ആത്മാ വായി അത് തുടരുമെന്ന്. ഇങ്ങിനെ തുടരുന്ന ഒരു ആത്മാവുണ്ടെങ്കിൽ അത് ചിന്തയുടെ സൃഷ്ടി മാത്രമാണ്. അങ്ങി നെ ചിന്തയാൽ നിർമ്മിതമായ ആത്മാവ് കാലത്തിന്റെ ഭാഗമാണ്. അതിനാലത് ആത്മീയമല്ല. ഇതിലേക്കിറങ്ങി ചെല്ലു മ്പോൾ നിങ്ങൾക്ക് കാണാൻ കഴിയും സ്വയം താദാത്മ്യം പ്രാപിച്ച ചിന്ത മാത്ര മേയുള്ള എന്ന്. 'എന്റെ', 'എന്റെ വീട്', 'എന്റെ ഭാര്യ', 'എന്റെ കുടുംബം, 'എന്റെ നന്മ', 'എന്റെ പരാജയം' 'എന്റെ വിജയം' അങ്ങിനെയുള്ളതെല്ലാം. ഇവയെല്ലാം തുടരണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നു. നിങ്ങൾ പറയുന്നു "മരിക്കുന്നതിനു മുമ്പു" എനിക്കീ പുസ്തകം പൂർത്തിയാ ക്കണം അല്ലെങ്കിൽ ഞാൻ വികസിപ്പി ക്കാൻ ആഗ്രഹിച്ച ഗുണങ്ങൾ പൂർണ്ണത നേടണം. ഇത്രയും വർഷക്കാലം ഞാൻ പോരാടി നേടിയ എല്ലാം. ഒടുവിൽ ഒടു ങ്ങുകയാണെങ്കിൽ പിന്നെന്ത് കാര്യം? അതുകൊണ്ട് അറിഞ്ഞതിന്റെ ഉല്പന്ന മായ മനസ്സ് ഭാവിയിലും തുടരാൻ ആഗ്ര ഹിക്കുന്നു. എന്തെന്നാൽ നാം മരണം എന്ന് വിളിക്കുന്ന അനിശ്ചിതത്വം ഉണ്ട്. നാം ഭയപ്പെടുന്നു. പുനർസമാശ്വാസം തേടുന്നു.

അതുകൊണ്ട് പ്രശ്നത്തെ മറ്റൊരു രീതിയിൽ സമീപിക്കുവാൻ ഞാൻ ആഗ്ര ഹിക്കുന്നു. നാം മരണമെന്ന് വിളിക്കുന്ന ഈ അനുഭവത്തെ ജീവിച്ചിരിക്കുമ്പോൾ തന്നെ സ്വയം അനുഭവിക്കുവാൻ കഴിയു മോ എന്ന്. ഇതിനർത്ഥം ആത്മഹത്യ ചെയ്യുക എന്നല്ല. ഇന്നലകളെ പൂർണ്ണമാ യും ത്യജിക്കുന്ന അത്യപൂർവ്വമായ, വിശുദ്ധമായ ആ നിമിഷം. മരണം അ ജ്ഞാതമാണ്. ഏത് തരത്തിലുള്ള യു ക്തിചിന്തയും, വിശ്വാസവും, അവിശ്വാ സവും, ആ അസാധാരണമായ അനുഭ വം കണ്ടെത്തില്ല. ആന്തരികമായ ജീവിത പൂർണ്ണത ഉണ്ടാകാൻ മനസ്സ് അറിഞ്ഞ തിൽനിന്ന് മോചിതമാകണം. അറിഞ്ഞതി ന്റെ അന്ത്യത്തിലൂടെയെ അജ്ഞാതമാ യത് സംജാതമാവുകയുള്ളൂ. ■

*'ക്വസ്റ്റ്യൻസ് ആൻഡ് ആൻസേഴ്സ്' എന്ന പുസ്തക ത്തിൽനിന്ന്*

# ജീവിതത്തിന്റെ ഉദ്ദേശ്യം എന്താണ്?

ജീവിതത്തിന്റെ അർത്ഥം ജീവിക്കലാണ്. നമ്മൾ ശരിക്കും ജീവിക്കുന്നുണ്ടോ? ഭീതിയോടെ നമ്മുടെ ജീവിതം മുഴുവൻ അനുകരിക്കാനും, പകർത്താനും പരിശീലിക്കപ്പെട്ടിരിക്കുന്നതിനാൽ ജീവിക്കുന്നതിൽ അർത്ഥമുണ്ടോ? അധീശത്വത്തെ പിൻതുടരുന്നതിൽ ജീവിതമുണ്ടോ? നിങ്ങൾ മറ്റൊരാളെ പിൻതുടരുമ്പോൾ - അദ്ദേഹം എത്രതന്നെ വലിയ ദിവ്യനോ, രാഷ്ട്രീയക്കാരനോ, പണ്ഡിതനോ ആയിരിക്കട്ടെ - നിങ്ങൾ ജീവിക്കുന്നുണ്ടോ?

നിങ്ങൾ സ്വയം നിങ്ങളുടെ രീതികളെ നിരീക്ഷിക്കുകയാണെങ്കിൽ, മറ്റുള്ളവരെ പിൻതുടരുകയല്ലാതെ നിങ്ങൾ ഒന്നും തന്നെ ചെയ്യുന്നില്ലെന്ന് കാണാൻ കഴിയും. ഈ പിൻതുടരലിനെയാണ് നാം 'ജീവിക്കൽ' എന്ന് വിളിക്കുന്നത്. എന്നിട്ട് അവസാനം ജീവിതത്തിന്റെ അർത്ഥമെന്താണെന്ന് നിങ്ങൾ ചോദിക്കും. നിങ്ങളെ സംബന്ധിച്ചിടത്തോളം ഇപ്പോൾ ഈ ജീവിതത്തിന് ഒരർത്ഥവുമില്ല; ഈ അധീശത്വമെല്ലാം ഒഴിച്ചാലേ അർത്ഥമുണ്ടാവൂ. അധീശത്വത്തെ മാറ്റി വയ്ക്കാൻ വളരെ പ്രയാസമാണ്.

അധികാരത്തിൽ നിന്നുള്ള മോചനം എന്താണ്? നിങ്ങൾക്ക് നിയമം ലംഘിക്കാം. അത് ആധികാരികതയിൽ നിന്നുള്ള സ്വാതന്ത്ര്യമല്ല. എന്നാൽ നമ്മളിൽ ഓരോരുത്തരും എങ്ങനെ കുഴപ്പത്തിൽ പെട്ടിരിക്കുന്നുവെന്നും മനസ്സ് എങ്ങിനെയാണ് ആധികാരികതയെ സൃഷ്ടിക്കുന്നതെന്നും ഉള്ള മുഴുവൻ പ്രക്രിയേയും മനസ്സിലാക്കുന്നതിൽ സ്വാതന്ത്ര്യം ഉണ്ട്. അതുകൊണ്ട് ഈ കുഴപ്പത്തിൽ ശരിയായ തരത്തിലുള്ള ജീവിതമാണ് നാം നയിക്കുന്നതെന്ന ഉറപ്പ് ആഗ്രഹിക്കുന്നു. എന്തു ചെയ്യണമെന്ന് പറഞ്ഞു തരണമെന്ന് നാം ആഗ്രഹിക്കുന്നതു കൊണ്ട് ആദ്ധ്യാത്മിക ഗുരുക്കൻമാരാലും, ശാസ്ത്രീയ ഗുരുക്കന്മാരാലും നാം ചൂഷണം ചെയ്യപ്പെടുന്നു. പിൻതുടരുകയും, അനുകരിക്കുകയും പകർത്തുകയും ചെയ്യുന്നിടത്തോളം നമുക്ക് ജീവിതത്തിന്റെ അർത്ഥം അറിയില്ല.

വിജയം മാത്രമാണ് ഒരാൾ തേടുന്നതെങ്കിൽ അയാൾക്ക് ജീവിതത്തിന്റെ പ്രസക്തി എങ്ങനെ മനസ്സിലാക്കാൻ കഴിയും? അതാണ് നമ്മുടെ ജീവിതം; നമുക്ക് വിജയം വേണം, നമ്മൾ ചെയ്യുന്നത് ശരിയാണെന്ന് ആരെങ്കിലും പറയണമെന്ന് നാം ആഗ്രഹിക്കുന്നു. മുക്തിയിലേക്ക് നയിക്കുന്ന ശരിയായ പാതയെയാണ് നാം പിൻതുടരുന്നതെന്ന്. നമ്മുടെ ജീവിതകാലം മുഴുവനും പാരമ്പര്യത്തെ പിൻതുടരുകയാണ്, ഇന്നലെയോ, ആയിരക്കണക്കിന് വർഷങ്ങളായോ ഉള്ള പാരമ്പര്യം. നാം ഓരോ അനുഭവവും ഒരു ഉദ്ദിഷ്ടഫലം നേടാൻ സഹായ ക്കുന്ന ആധികാരികതയാക്കിത്തീർക്കുന്നു. അതുകൊണ്ട് നമുക്ക് ജീവിതത്തിന്റെ പ്രസക്തിയെന്താണെന്നറിയില്ല. നമുക്കറിയാവുന്ന തെല്ലാം ഭയമാണ് - മറ്റുള്ളവർ എന്തു പറയുമെന്ന ഭയം, മരണഭയം, നാം ആഗ്രഹിക്കുന്നത് കിട്ടുകയില്ലെന്ന ഭയം. തെറ്റു ചെയ്യുമോ എന്ന ഭയം, നന്മ ചെയ്യുമോ എന്ന ഭയം. ജീവിതത്തിന് എന്തു പ്രസക്തിയാണ് നമ്മിൽ ഉള്ളതെന്ന് വിശദീകരിക്കാത്തവിധം, സിദ്ധാന്തങ്ങളിൽപെട്ട് നമ്മുടെയെല്ലാം മനസ്സുകൾ കുഴപ്പത്തിലാണ്.

ജീവിതം അസാധാരണമായ ഒന്നാണ്. ജീവിതത്തിന്റെ പ്രസക്തിയെന്താണെന്ന് ഒരാൾ ചോദിക്കുമ്പോൾ, അയാൾക്ക് ഒരു നിർവചനമാണ് വേണ്ടത്. അയാൾ അറിയുന്നതെല്ലാം നിർവചനം മാത്രമാണ്, വെറും വാക്കുകൾ, അല്ലാതെ സൂക്ഷ്മാർത്ഥമോ, അസാധാരണമായ സമ്പന്നതയോ, സൗന്ദര്യത്തോടുള്ള സൂക്ഷ്മബോധമോ ജീവിതത്തിന്റെ അപാരതയോ അല്ല.

*'വാട്ട് ആർ യു ഡൂയിംഗ് വിത് യുവർ ലൈഫ്' എന്ന പുസ്തകത്തിൽനിന്ന്*

# ഇതിൽ ആധിപത്യമില്ല

**ചോദ്യം: ഒപ്പം ചിന്തിക്കാൻ താങ്കൾ ഞങ്ങളോട് പറയുമ്പോൾ താങ്കൾ എന്താണ് ഉദ്ദേശിക്കുന്നത്? പ്രഭാഷണം ശ്രദ്ധിക്കുന്ന എല്ലാവരും അതേസമയം തന്നെ താങ്കളോടൊപ്പം ചിന്തിക്കണം എന്നാണോ പറയുന്നത്? ഗുരു ചമഞ്ഞ് താങ്കളുടെ ആശയങ്ങളെയും ചിന്തയെയും നിഗമനങ്ങളെയും പിന്തുടരാൻ ജനങ്ങളെ പ്രേരിപ്പിക്കലാവില്ലേ ഇത്?**

*കൃഷ്ണമൂർത്തി:* ഗുരു എന്നത് തരം താഴ്ന്ന വാക്കാണ്. ഗുരു എന്ന വാക്കിന്റെ യഥാർത്ഥ അർത്ഥം അജ്ഞത ഇല്ലാതാക്കുന്നവൻ എന്നാണ്. അയാളുടെ അജ്ഞത കൂടെ നിങ്ങളിൽ കെട്ടിവക്കുന്നവനല്ല. ആ വാക്കിന് മറ്റർത്ഥങ്ങളുമുണ്ട്. ദൈവത്തിനും, അല്ലെങ്കിൽ രക്ഷകനും, നിങ്ങൾക്കുമിടയിൽ ഇടനിലക്കാരായുള്ള പടിഞ്ഞാറൻ ഗുരുക്കന്മാരും പണ്ടു മുതലേ ഉണ്ടായിട്ടുണ്ട്. ഇത് ഇന്ത്യയിലും ഉണ്ടായിരുന്നു. ഒപ്പം ചിന്തിക്കാൻ പറയുമ്പോൾ, പ്രഭാഷകൻ ഒരു ഗുരുവിന്റെ ഭാവം കൈവരിക്കുകയാണോ എന്നാണ് ചോദ്യകർത്താവ് ആരായുന്നത്. അതുകൊണ്ട് 'ഒപ്പം ചിന്തിക്കുക' എന്നാൽ എന്താണ് ഉദ്ദേശിക്കുന്നത് എന്ന് നോക്കാം.

ഒപ്പം ചിന്തിക്കുകയെന്നാൽ പ്രഭാഷകൻ പറയുന്നത് അംഗീകരിക്കലല്ല. അയാളുടെ ആശയങ്ങളും, നിഗമനങ്ങളും സമ്മതിക്കലും അംഗീ കരിക്കലും അല്ല. പ്രഭാഷകന് യഥാർത്ഥത്തിൽ ഒരു തരം നിഗമനങ്ങളും ഇല്ല. ഒപ്പം ചിന്തിക്കുക എന്ന് അയാൾ പറയുന്നത് ഒരുമിച്ച് ഒരുകാര്യം നിരീക്ഷിക്കുക എന്ന അർത്ഥത്തിലാണ്. നിരീക്ഷിക്കുന്നതിനൊപ്പം 'നിരീക്ഷിക്കുക' എന്നാൽ എന്താണെന്ന് അറിയുക. അത് പ്രഭാഷകന് ഒരുതരം ആധിപത്യവും ഉണ്ടാക്കുന്നില്ല. ദൗർഭാഗ്യവശാൽ, നിങ്ങൾക്ക് പ്രഭാഷകനെ ഒരു അധിപനായി പ്രതിഷ്ഠിക്കാനാകും. എന്നാൽ അയാൾ ആധിപത്യവും., ഒരുതരം പിന്തുടർച്ചയും അംഗീകരിക്കുന്നില്ല. ആശയങ്ങളും, നിഗമനങ്ങളും മുന്നോട്ടുവെച്ച് ശിഷ്യന്മാരെ സ്വീകരിക്കുന്നുവെങ്കിൽ അയാൾ മലീമസമായ അവസ്ഥയിൽ തന്നെയാണ്. കഴിഞ്ഞ അമ്പത് വർഷമായി അയാൾ ഇതു തന്നെയാണ് പറയുന്നത്.

ഇതിൽ ആധിപത്യത്തിന്റെ സ്വരമില്ല. ഇത് ലളിതമാണ്. അയാൾക്ക് പക്ഷപാതവും അരോചകമായ നിബന്ധനകളും വികലമായ നിഗമനങ്ങളും ഉണ്ടെങ്കിൽ അത് മറ്റുള്ളവരിൽ അടിച്ചേൽപ്പിക്കും. എന്നാൽ അയാൾ പറയുന്നത് പുറത്തും അകത്തും നാം നിരീക്ഷിക്കുന്നത് നമ്മൾതമ്മിൽ പങ്കു വെയ്ക്കാം എന്നാണ്. അത്രമാത്രം.

എന്നാൽ ഏകാന്തമായി നിലകൊള്ളാൻ നിങ്ങൾ അപര്യാപ്തരായി കാണപ്പെടുന്നു. ഏകാന്തത (solitude) എന്ന പദത്തിനർത്ഥം എല്ലാം ഒന്ന് എന്നാണ്. നിങ്ങൾ യഥാർത്ഥത്തിൽ ഏകമാകുമ്പോൾ, മലിനമാകാതെ തികച്ചും സ്വതന്ത്രമാകുമ്പോൾ നിങ്ങൾ പൂർണ്ണമായ മനുഷ്യസത്ത തന്നെയാണ്. എന്നാൽ ഏകാന്തതയെ നാം ഭയപ്പെടുന്നു. ഒരു വ്യക്തിയുടെ, ആശയത്തിന്റെ അല്ലെങ്കിൽ സാങ്കല്പിക രൂപത്തിന്റെ സാമീപ്യം നാം ആഗ്രഹിക്കുന്നു. ഏകാന്തത തനിച്ചാവലല്ല. തനിച്ചാവുന്നതിന് (aloneness) അതിന്റേതായ സൗന്ദര്യമുണ്ട്. നദിക്കരയിലൂടെ, മരങ്ങൾക്കിടയിലൂടെ തനിയെ, ആരുടെയും കൈപിടിക്കാതെ തനിയെ നടക്കുന്നതിന്. എന്നാൽ ഏകാന്തത അതല്ല. തനിച്ചിരിക്കുമ്പോൾ, ആകാശത്തെ, മരങ്ങളെ, കിളികളെ, പൂക്കളെ, ഭൂമിയുടെ സൗന്ദര്യത്തെ നിങ്ങൾ നിരീക്ഷിക്കുന്നു. ഒരുപക്ഷേ, നിങ്ങൾ നിങ്ങളെ ത്തന്നെ നിരീക്ഷിക്കുന്നു. സ്വയം സംഭാഷണത്തിലേർപ്പെടാതെ നിങ്ങളുടെ ഭാരങ്ങളെല്ലാം ഉപേക്ഷിച്ച് അതെല്ലാം നിങ്ങൾ അവിടെ കയ്യൊഴിഞ്ഞു. തനിച്ചാവൽ നിങ്ങളുടെ ഒറ്റപ്പെടലിനെ, പൊങ്ങച്ചത്തെ. നിരാശയെ വെളിവാക്കുന്നു. തനിച്ചാവലിനെ നിങ്ങൾ മറികടക്കുമ്പോൾ ഏകാന്തത കടന്നുവരുന്നു. അത് ഒരു നിഗമനമോ, വിശ്വാസമമോ എങ്ങനെയാണ് കാണേണ്ടത് എന്ന പ്രചരണമോ അല്ല. ഏകാന്തത നിങ്ങളെ ഒരു ദിശയിലേക്കും തള്ളിമാറ്റുന്നില്ല. നയിക്കലും നിയന്ത്രിക്കലും ഉണ്ടാകുമ്പോൾ തുടക്കം മുതലേ പൂർണ്ണമായും നിങ്ങൾ സ്വാതന്ത്ര്യമില്ലാതെ അടിമകളായി മാറുന്നു. സ്വാതന്ത്ര്യം അവസാനം എത്തിച്ചേരാവുന്ന ഒന്നല്ല. അത് ആരംഭത്തിൽ തന്നെയാണ്. ■

*'ക്വസ്റ്റ്യൻസ് ആൻഡ് ആൻസേഴ്സ്' എന്ന പുസ്തകത്തിൽനിന്ന്*

# സർഗ്ഗാത്മകത എന്നാൽ എന്താണ്?

**ചോദ്യം : യഥാർത്ഥ സർഗ്ഗാത്മകത എന്താണ്? നാം പൊതുവേ കരുതിപ്പോരുന്ന സർഗ്ഗാത്മകതയിൽ നിന്നും അതിന്റെ വ്യത്യാസം എന്താണ്?**

*കൃഷ്ണമൂർത്തി:* പൊതുവേ കരുതിപ്പോരുന്ന സർഗ്ഗാത്മകത മനുഷ്യനിർമ്മിതമാണ്. കാല്പനികവും വസ്തുതാപരവും ആയവ. ചിത്രരചന, സംഗീതം, സാഹിത്യം, വാസ്തു ശില്പങ്ങൾ, അത്ഭുതകരമായ പുതിയ കണ്ടുപിടുത്തങ്ങൾ, ചിത്രകാരന്മാരും, എഴുത്തുകാരും, കവികളും സ്വയം ക്രിയാത്മകതയുള്ളവരായി കരുതുന്നു. സർഗ്ഗാത്മകമായ വ്യക്തിയെക്കുറിച്ചുള്ള പൊതുവേയുള്ള സങ്കൽപം നാമെല്ലാവരും അംഗീകരിക്കുന്നു. മനുഷ്യ നിർമ്മിതങ്ങളായ പല പള്ളികളും, അമ്പലങ്ങളും അതീവ സുന്ദരങ്ങളാണ്. എന്നാൽ അവ നിർമ്മിച്ചവരെപ്പറ്റി നമുക്ക് ഒന്നുംതന്നെ അറിയില്ല. ഇന്ന് നമുക്ക് ഈ അനാമികത അപ്രത്യക്ഷമായിരിക്കുന്നു. പേരറിയിക്കാതെയുള്ള സർഗ്ഗാത്മകത തികച്ചും വ്യത്യസ്തമാണ്. വിജയവും, കാശും ഒന്നുമല്ല അതിന്റെ മാനദണ്ഡം. 28 കോടി പുസ്തകങ്ങളാണ് ഈ പത്തു വർഷത്തിനിടയിൽ വിറ്റിരിക്കുന്നത് പോലും!

പ്രസിദ്ധി ഇച്ഛിക്കാതിരിക്കുന്നതിൽ വളരെ പ്രാധാന്യമുണ്ട്. അതിന്റെ സ്വഭാവം വ്യത്യസ്തമാണ്. വ്യക്തിപരമായ ലക്ഷ്യങ്ങളും ചായ്‌വുകളും അഭിപ്രായങ്ങളും അതിനുണ്ടാവില്ല. സ്വാതന്ത്ര്യത്തിന്റെ അനുഭൂതി ഉണ്ടാകുന്നു. അതിൽ നിന്നും പ്രവർത്തനം സംഭവിക്കുന്നു.

എന്നാൽ നാം സർഗ്ഗാത്മകമായി കരുതുന്ന മിക്കവാറും സംഗതികൾ 'അറിഞ്ഞതിൽ' നിന്നും ഉടലെടുക്കുന്നു. വലിയ സംഗീതജ്ഞരായ ബിഥോവൻ, ബാക്ക് തുടങ്ങിയവർ അറിവിൽ നിന്നും പ്രതികരിച്ചു. എഴുത്തുകാരും തത്വചിന്തകരും ഒരുപാട് വായിച്ചു വായിച്ചു, സ്വരൂപിക്കുന്നു. അവർ സ്വന്തമായ ശൈലി രൂപപ്പെടുത്തുന്നുവെങ്കിലും അവർ ചലിക്കുന്നതും എഴുതുന്നതും അവർ സ്വരൂപിച്ചു വെച്ചിരിക്കുന്നതിൽ നിന്നാണ്. അറിഞ്ഞതിൽ നിന്ന്. ഇതിനെയാണ് നാം പൊതുവേ സർഗ്ഗാത്മകത എന്നു പറയുന്നത്.

ഇതാണോ ശരിയായ സർഗ്ഗത്മകത? അറിഞ്ഞതിൽ നിന്നും സ്വതന്ത്രമായ, വ്യത്യസ്തമായ ഒരു സർഗ്ഗാത്മകതയുണ്ടോ? നമ്മൾ വരയ്ക്കുകയും എഴുതുകയും ശില്പങ്ങളുണ്ടാക്കുകയും ചെയ്യുമ്പോൾ നാം സ്വരൂപിച്ചുവെച്ചിരിക്കുന്ന അറിവിനെയാണ് ആശ്രയിക്കുന്നത്. ഭൂതകാലത്തെ വർത്തമാനകാലത്തിൽ പ്രതിഫലിപ്പിക്കുന്നു. നാം കരുതിപ്പോരുന്ന ഈ സർഗ്ഗാത്മകതയല്ലാതെ തികച്ചും വ്യത്യസ്തമായ ഒരു സർഗ്ഗാത്മകത യുണ്ടോ?

അറിഞ്ഞതിൽ നിന്നും ഉടലെടുക്കാത്ത ഒരു ചലനം, ഒരു ജീവിതരീതി സാധ്യമാണോ? ജീവിതത്തിന്റെ കഷ്ടപ്പാടുകളിലും സാമൂഹികവും സാമ്പത്തികവുമായ സമ്മർദ്ദങ്ങളിലും അടിമപ്പെടാത്ത ഒരു മനസ്സിൽ നിന്നും സൃഷ്ടി സാധ്യമാണോ? അറിഞ്ഞതിൽ നിന്നും സ്വയം വിമുക്തമായ മനസ്സിൽ നിന്നുമുള്ള സൃഷ്ടിയുണ്ടോ?



സാധാരണ നാം അറിഞ്ഞതിൽ നിന്നും തുടങ്ങുന്നു. സൃഷ്ടിയിൽ ഏർപ്പെടുന്നു. അറിവിൽ നിന്നും തുടങ്ങാതെ തന്നെ എന്നാൽ അറിവിനെ ഉപയോഗപ്പെടുത്തുന്ന സർഗ്ഗാത്മകതയുടെ ഒരു സ്പന്ദനം അല്ലെങ്കിൽ ചലനം ഉണ്ടോ? ആ മനോനിലയിൽ നാം ഇന്നു കരുതുന്ന സർഗ്ഗാത്മകതയൊന്നും വേണ്ടി വരില്ല.

സർഗ്ഗാത്മകത തികച്ചും വ്യത്യസ്തമായ ഒന്നല്ലേ? വിദഗ്ദ്ധർക്കും, അനുഗ്രഹീതർക്കും, കലാകാരന്മാർക്കും മാത്രമല്ലാതെ എല്ലാവർക്കും ആകാവുന്നത്. ഈ അനന്യ സാധാരണമായ മനസ്സ് നമുക്കെല്ലാവർക്കും കൈവരിക്കാവുന്നതാണെന്ന് ഞാൻ കരുതുന്നു. മനുഷ്യൻ മനുഷ്യനിൽ നിക്ഷേപിച്ച ദുരിതങ്ങളിൽ നിന്നും തികച്ചും വിമുക്തമായ മനസ്സ്. സുബുദ്ധിയുള്ള, യുക്തിസഹമായ, ആരോഗ്യമുള്ള ആ മനസ്സിൽ നിന്നും ചിലത് പുറത്തുവരുന്നു. അത് ചിത്രങ്ങളിലോ, സാഹിത്യത്തിലോ, കെട്ടിടങ്ങളിലോ ആയി ആവിഷ്ക്കരിക്കപ്പെടണമെന്നില്ല. പ്രകടനത്തിന്റെ ആവശ്യം എന്താണ്? ഇതിലേക്ക് ആഴ്ന്നിറങ്ങിയാൽ, ഒരുതരം അനുഭവവും ഇല്ലാത്ത ഒരുതരം മനോനിലയുണ്ടെന്ന് നിങ്ങൾക്ക് കണ്ടെത്താനാകും. തിരയുകയും ചോദിക്കുകയും തപ്പിത്തടയുകയും സ്വയം അതിൽ നിന്ന് പുറത്ത് കടക്കാൻ ശ്രമിക്കുകയും ചെയ്യുന്ന ഒരു മനസ്സിനെയാണ് അനുഭവം സൂചിപ്പിക്കുന്നത്.

ഈ ചോദ്യത്തിന് സമഗ്രവും പൂർണ്ണവുമായ ഒരുത്തരമുണ്ട്. നമ്മുടെ മനസ്സും ഹൃദയവും അതിൽ ചെലുത്തണമെന്നു മാത്രം. മനുഷ്യ നിർമ്മിതമല്ലാത്ത ഒരു സർഗ്ഗാത്മകതയുണ്ട്. മനസ്സ് ഒരുതരം സംഘർഷങ്ങളുമില്ലാതെ തെളിഞ്ഞിരിക്കുമ്പോൾ അത് സൃഷ്ടിയിലായിരിക്കും. അതിന് ആവിഷ്ക്കാരത്തിന്റെയും പൂർണ്ണത തേടലിന്റെയും പ്രശസ്തിയുടെയും, അത്തരം മറ്റ് വൃത്തികേടുകളുടെയും ആവശ്യമില്ല. ■

*'ക്വസ്റ്റ്യൻസ് ആൻഡ് ആൻസേഴ്സ്' എന്ന പുസ്തകത്തിൽനിന്ന്*

ജീവിതയാത്രയുടെ ചില പഴയ ലക്കങ്ങൾ ലഭ്യമാണ്. മാന്യവായനക്കാർക്കോ, സുഹൃത്തുക്കൾക്കോ, വായനശാലകൾക്കോ ഈ ലക്കങ്ങൾ ആവശ്യമാണെങ്കിൽ അയച്ചു തരുന്നതാണ്. ബന്ധപ്പെടുക.

*Published in September, January and May*
*Registered with the Registrar of Newspaper for India under No. TNMAL/2005/17822*

Periodical

*In undelivered please return to :*
KRISHNAMURTI FOUNDATION INDIA
Vasanta Vihar, 124,126 (Old 64,65) Greenways Road
Chennai-600 028. Tel. : 24937803 / 596
E-mail : publications@kfionline.org
Websites : www.kfionline.org / www.jkrishnamurti.org

*Published by G. Rajeev on behalf of the Krishnamurti Foundation India, Vasanta Vihar, 124, 126 (Old 64,65) Greenways Road, Chennai-600 028. Printed by N. Subramanian at Sudarsan Graphics Offset Press, 27, Neelakanta Mehta Street, T.Nagar, Chennai-600 017. Editor : K. Krishnamurthy*